(സി) സൈബർ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ അതീവ ഗുരുതരമായ 30 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) മേൽ പറയുന്ന എല്ലാ കേസുകളിലും കൂടി 1440 കേസുകളിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ടിട്ടുണ്ട്.

പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ കുറ്റത്തിന് നടപടി

201 (205) ശ്രീ. പി. ടി. എ. റഹീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ എത്ര പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ ക്രിമിനൽ കുറ്റത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോരുത്തരുടേയും റാങ്ക് അനുസരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇവരിൽ പിരിച്ചുവിടൽ, സസ്പെൻഷൻ, സ്ഥലംമാറ്റം എന്നിവയ്ക്ക് വിധേയരായവർ എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 654.

(ബി) അനുബന്ധമായി ചേർക്കുന്നു*.

(സി) 6 പേരെ പിരിച്ചുവിടുകയും, 454 പേരെ സസ്പെന്റ് ചെയ്യുകയും, 140 പേരെ സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്.

പോലീസ് കസ്റ്റഡിയിൽനിന്നും വിട്ടയച്ചവർ ആത്മഹത്യ ചെയ്ത സംഭവം

202 (206) ശ്രീ. കെ. കെ. നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പോലീസ് കസ്റ്റഡിയിൽനിന്നും വിട്ടയച്ച എത്രപേർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് ആരെല്ലാമാണെന്നും ഏതൊക്കെ പോലീസാണ് കസ്റ്റഡിയിൽ എടുത്തത് എന്നും പ്രത്യേകം വിശദമാക്കുമോ;

(സി) ഇത് സംബന്ധിച്ച് ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly